# ഗുണകാംക്ഷികളോട്

**'ഗുണകാംക്ഷികൾ'** എന്ന് ഞങ്ങൾ സസ്നേഹം സംബോധന ചെയ്യുന്നത് *പ്രബോധന*ത്തിന്റെ വായനക്കാരെയാണ്. വായനക്കാരെ ഗുണകാംക്ഷികൾ എന്നു വിളിച്ചാൽ പോരാ; ഒരർഥത്തിൽ *പ്രബോധന*ത്തിന്റെ ഉടമകൾ തന്നെയാണവർ. ആറു പതിറ്റാണ്ട് മുമ്പ് ദക്ഷിണ മലബാറിലെ എടയൂർ എന്ന കുഗ്രാമത്തിൽ മർഹൂം വി.പി മുഹമ്മദലി ഹാജി സാഹിബ് ഈ പ്രസിദ്ധീകരണത്തിന് തുടക്കമിട്ടത് വായനാ തൽപരരായ സത്യാന്വേഷികളിലുള്ള വിശ്വാസം ഒന്നു മാത്രം മൂലധനമാക്കിക്കൊണ്ടാണ്. അന്നു മുതൽ വായനക്കാരാണ് ഈ പ്രസിദ്ധീകരണത്തെ അഭംഗുരം നിലനിർത്തിയതും മലയാളത്തിലെ ഏറ്റം പ്രചാരവും നിലവാരവുമുള്ള ഇസ്‌ലാമിക വാരികയാക്കി വളർത്തിയതും. *പ്രബോധനം* അതിന്റെ സുഖദുഃഖങ്ങൾ പങ്കുവെക്കാറുള്ളതും അവരുമായിത്തന്നെ. വായനക്കാർ അവരുടെ പങ്ക് സസന്തോഷം സ്വീകരിക്കാറുള്ളത് നന്ദിപൂർവം അനുസ്മരിക്കുന്നു.

2009 ആഗസ്റ്റ് മുതൽ 2010 ആഗസ്റ്റ് വരെ *പ്രബോധനം* അറുപതാം വാർഷികമായി ആചരിക്കുകയാണ്. വാർഷിക പരിപാടികളുടെ ഉദ്ഘാടനം 2009 ഒക്ടോബർ 2-ന് എടയൂരിൽ നടന്നു. പത്രബന്ധുക്കളുടെ ആവേശകരമായ പങ്കാളിത്തം കൊണ്ടും തലയെടുപ്പുള്ള സാംസ്കാരിക നായകന്മാരുടെ സാന്നിധ്യം കൊണ്ടും സമുജ്ജ്വലമായിരുന്നു ആ പരിപാടി. നവംബർ 20-ന് കോഴിക്കോട് സംഘടിപ്പിച്ച, അറുപതാം വാർഷികപ്പതിപ്പിന്റെ പ്രകാശന ചടങ്ങും പ്രതീക്ഷിച്ചതിലേറെ വിജയമായി. വാർഷികപ്പതിപ്പിന്റെ മുഴുവൻ കോപ്പികളും ഇതിനകം വായനക്കാർ ഏറ്റുവാങ്ങിക്കഴിഞ്ഞു. വർധിച്ച ആവശ്യക്കാരുടെ സമ്മർദം അതിനൊരു രണ്ടാം പതിപ്പ് ഇറക്കാൻ ഞങ്ങളെ നിർബന്ധിതരാക്കിയിരിക്കുകയാണ്.

ഏതാനും വർഷങ്ങളായി ഡിസംബർ മാസം രണ്ടാഴ്ചക്കാലം *പ്രബോധനം* പ്രചാരണ കാമ്പയിൻ നടത്താറുണ്ട്. ഇക്കുറി ഡിസംബർ 15 മുതൽ 30 വരെയാണത് നടത്തുന്നത്. മുൻ വർഷങ്ങളിലെന്നപോലെ ഗുണകാംക്ഷികളുടെ അകമഴിഞ്ഞ സഹകരണം ഇക്കുറിയും ഞങ്ങൾ പ്രതീക്ഷിക്കുകയും അഭ്യർഥിക്കുകയും ചെയ്യുന്നു. പത്രം വ്യാവസായികമായി കൂടുതൽ ലാഭകരമാക്കുകയല്ല പ്രചാരണ പ്രവർത്തനങ്ങളുടെ ലക്ഷ്യമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ദീനുൽ ഇസ്‌ലാമിന്റെ സത്യസന്ദേശങ്ങൾ ജനങ്ങളിൽ പ്രചരിപ്പിക്കുകയും അതനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് *പ്രബോധനം* നിർവഹിച്ചുകൊണ്ടിരിക്കുന്ന ദൗത്യം. ഈ ദൗത്യം വിജയിക്കാൻ *പ്രബോധനം* ഇനിയും അറിയപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ പരിചയപ്പെടുത്തുകയും കൂടുതൽ കൈകളിൽ എത്തിക്കുകയും ചെയ്യേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമാണ് *പ്രബോധനം*. എന്നാൽ തുടക്കം മുതലേ അത് പ്രവർത്തിച്ചുവരുന്നത് ജമാഅത്തിന്റെ മുഖപത്രമെന്നതിലുപരി ഇസ്‌ലാമിന്റെയും മുസ്‌ലിം ഉമ്മത്തിന്റെയും പൊതു ജിഹ്വയായിട്ടാണ്. ഇസ്‌ലാമിന്റെ സമകാലിക വായന, നന്മയെ സ്നേഹിക്കുന്ന എല്ലാവർക്കുമുള്ള നേരിന്റെ കൈത്തിരി; അതാണ് *പ്രബോധനം*. സത്യവും ധർമവും നീതിയുമാണത് പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് സ്ഥിരം വായനക്കാർ നിസ്സങ്കോചം സമ്മതിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അതുതന്നെയാണ് ഈ പ്രസിദ്ധീകരണത്തിന്റെ പ്രചാരണത്തിൽ അവരുടെ സഹകരണം തേടാൻ ഞങ്ങളെ അർഹരാക്കുന്നതും.

*പ്രബോധന*ത്തിന്റെ ഗുണകാംക്ഷികളുടെ മുൻപന്തിയിലുള്ളത് തീർച്ചയായും ഇസ്‌ലാ

മിക പ്രസ്ഥാനത്തിന്റെ പ്രവർത്തകരാണ്. പ്രസ്ഥാന പ്രവർത്തകരെന്ന നിലയിൽ അവരുടെ നിർബന്ധ ബാധ്യത കൂടിയാണ് *പ്രബോധന*ത്തിന്റെ പ്രചാരണം. കേരളത്തിൽ ഇസ്‌ലാമിക സന്ദേശം യഥാവിധി ഗ്രഹിച്ചിട്ടില്ലാത്ത അനേകായിരങ്ങൾ ഇനിയുമുണ്ട്; മുസ്‌ലിം സമുദായത്തിനകത്തും പുറത്തും. അവർക്ക് ദൈവിക സന്ദേശത്തിന്റെ വെളിച്ചമെത്തിക്കുക ഓരോ വിശ്വാസിയുടെയും കടമയാണ്. *പ്രബോധനം* പോലുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രചാരണത്തിൽ പങ്കാളികളാകുന്നത് ഈ കർത്തവ്യ നിർവഹണത്തിന്റെ ഭാഗമാകുന്നു. *പ്രബോധന*വുമായി പരിചയപ്പെടാൻ കഴിഞ്ഞതിലുള്ള സന്തോഷം, ദീർഘകാലം ഇരുട്ടിൽ ഉഴറിനടന്ന ശേഷം വെളിച്ചം കണ്ടതിലുള്ള ആശ്വാസം, മലീമസമായ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സംശുദ്ധമായ യാഥാർഥ്യങ്ങളിലേക്ക് വിമോചിതമായതിന്റെ ആഹ്ലാദം... ഇതൊക്കെ തുടിക്കുന്ന അനേകം കത്തുകൾ *പ്രബോധന*ത്തിന്റെ കത്തുകളുടെ കോളത്തിൽ നിങ്ങൾ കണ്ടിരിക്കും. ഈ പ്രസിദ്ധീകരണം അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കു തന്നെയാണ് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിന്റെ അനിഷേധ്യ സാക്ഷ്യങ്ങളാണവ. *പ്രബോധന*ത്തിന്റെ പ്രവർത്തകർ ഏറെ കൃതാർഥരാകുന്നത് അത്തരം കത്തുകൾ കാണുമ്പോഴാണ്. പത്രത്തിന്റെ പ്രസാധന പ്രവർത്തനങ്ങളിലേർപ്പെട്ടവർക്കു മാത്രം അവകാശപ്പെട്ടതല്ല ഈ കൃതാർഥത. അതിലുപരി, ദാഹാർത്തമായ അധരങ്ങളിൽ കുടിനീർ എന്നപോലെ അന്വേഷകരുടെ കൈകളിൽ *പ്രബോധനം* എത്തിച്ചുകൊടുക്കുന്ന പ്രസ്ഥാന പ്രവർത്തകർക്കും മറ്റു ഗുണകാംക്ഷികൾക്കും അവകാശപ്പെട്ടതാണ്. ഈ അവകാശം പൂർവോപരി ദൃഢീകരിക്കുന്നതിനുള്ള സുവർണാവസരമാണ് ആസന്നമായ *പ്രബോധനം* പ്രചാരണ പക്ഷം.

*പ്രബോധന*ത്തിന്റെ താളുകളിൽ സത്യത്തിന്റെയും സന്മാർഗത്തിന്റെയും നേരിയ കിരണങ്ങളെങ്കിലും കാണുന്നുവെങ്കിൽ, അന്ധവിശ്വാസങ്ങളുടെയും അധർമങ്ങളുടെയും ഘനാന്ധകാരങ്ങളിലലയുന്ന മനസ്സുകളിലേക്ക് അതൊരു മിന്നാമിനുങ്ങിന്റെ വെട്ടമെങ്കിലും പ്രസരിപ്പിക്കുമെന്നു തോന്നുന്നുവെങ്കിൽ ആ വെട്ടം സഹജീവികൾക്കെത്തിച്ചുകൊടുക്കാനർപ്പിക്കപ്പെടുന്ന ഏതു സേവനവും മഹത്തായ പുണ്യകർമമാകുന്നു. നിങ്ങളിലൂടെ സന്മാർഗം പ്രാപിച്ചവരുടെ നന്മകൾ നിങ്ങളുടേതു കൂടിയാണ്. ഒരുവേള അവരതറിയുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ പോലും അല്ലാഹുവിങ്കലുള്ള നിങ്ങളുടെ കർമ പുസ്തകത്തിൽ അത് കൃത്യമായി രേഖപ്പെട്ടിരിക്കും. അന്ത്യപ്രവാചകൻ മുഹമ്മദ് മുസ്ത്വഫ(സ) പ്രസ്താവിച്ചതോർക്കുക: “നിങ്ങൾ മുഖേന അല്ലാഹു ഒരാൾക്ക് സന്മാർഗമരുളുന്നത്, നിങ്ങൾ ഈ ലോകവും അതിലുള്ളതഖിലവും സ്വന്തമാക്കുന്നതിനേക്കാൾ മഹത്തരമാകുന്നു.” ഈ തിരുമൊഴിയായിരിക്കട്ടെ പ്രസ്ഥാന പ്രവർത്തകരുടെയും ഗുണകാംക്ഷികളുടെയും പ്രചോദനം. ■